**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുമരാമത്ത് വകുപ്പ് - കോഴിക്കോട് ജില്ലയിലെ പെരുമണ്ണ ബൈപ്പാസ് എൽ.എ.ആർ.77/09, 81/09 എന്നീ കേസുകളിൽ ജില്ലാ കളക്ടറുടെ സസ്പെൻസ് അക്കൗണ്ടിലേക്ക് തിരികെ അടക്കുവാനുള്ള തുക അനുവദിച്ച് - പുതുക്കിയ ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുമരാമത്ത് (പിഎസ്) വകുപ്പ്**

സ.ഉ.(സാധാ) നം.435/2026/PWD തിരുവനന്തപുരം,തീയതി, 14-03-2026

---

പരാമർശം:- 1. സ.ഉ (സാധാ) നം 1113/2022/പൊ.മ.വ തീയതി, 15.11.2022

2. പൊതുമരാമത്ത് (നിരത്ത് വിഭാഗം) ചീഫ് എഞ്ചിനീയറുടെ 22.12.2025 തീയതിയിലെ CEPWD/10983/2020-FR2(F)-RD നം കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം, കോഴിക്കോട് ജില്ലയിലെ പെരുമണ്ണ ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട എൽ.എ.ആർ.77/09, 81/09 എന്നീ കേസുകളിലെ വിധിതുക അനുവദിക്കുന്നതിനായി ₹ 71,95,411 രൂപയുടെ ഭരണാനുമതി നല്കി ഉത്തരവായിരുന്നു.

2) എന്നാൽ, വിധിതുക അനുവദിക്കുന്നതിന് 878 രൂപ കൂടെ ആവശ്യമാണെന്നും അതിനാൽ ടി തുക കൂടെ ചേർത്ത് ആകെ 71,96,289/- (71,95,411 +878) രൂപയുടെ പുതുക്കിയ ഭരണാനുമതി 5054-04-337-80-(P)-(C) എന്ന ശീർഷകത്തിൽ അനുവദിക്കണമെന്നും പരാമർശം (2) കത്ത് പ്രകാരം പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.പൊതുമരാമത്ത് നിരത്തു വിഭാഗം ചീഫ് എഞ്ചിനീയറുടെ ശിപാർശ പരിഗണിച്ച് കോഴിക്കോട് ജില്ലയിലെ പെരുമണ്ണ ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട എൽ.എ.ആർ.77/09, 81/09 എന്നീ കേസുകളിലെ വിധി തുക അനുവദിക്കുന്നതിന് 878 രൂപ കൂടെ കളക്ടറുടെ സസ്പെൻസ് അക്കൗണ്ടിലേക്ക് പ്രതിപൂരണം ചെയ്യുന്നതിനായി പരാമർശം (1) ലെ വിധി തുക ഉൾപ്പെടെ ആകെ ₹ 7196289 ( എഴുപത്തിയൊന്ന് ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി ഇരുന്നൂറ്റി എൺപത്തി ഒൻപത് രൂപ ) രൂപയുടെ പുതുക്കിയ ഭരണാനുമതി 5054-04-337-80-(P)-(C) എന്ന ശീർഷകത്തിൽ നൽകി

ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സുമേഷ് കുമാർ സി**

**ജോയിന്റ് സെക്രട്ടറി**

ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (നിരത്തു വിഭാഗം), തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ,(എ&ഇ)/ആഡിറ്റ്), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ,(എ&ഇ)/ആഡിറ്റ്),കേരളം, തൃശ്ശൂർ

ധനകാര്യ  വകുപ്പ്

വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ ( പിഎസ്2/12/2026/പൊ.മ.വ)

ഉത്തരവിൻ പ്രകാരം

Signed by
Aneesh S
Date: 16-03-2026 10:42:23

സെക്ഷൻ ഓഫീസർ